# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/223/2016 **പത്രക്കുറിപ്പ്** 2016 ഒക്ടോബർ 19

### പുനർമൂല്യനിർണ്ണയം സംബന്ധിച്ച വാർത്ത അടിസ്ഥാന രഹിതം

ഇന്നത്തെ (ഒക്ടോബർ 19) ഒരു മലയാളം ദിനപത്രത്തിൽ "25 തവണ നടത്തിച്ചു; പരീക്ഷാ ഫലം കിട്ടാൻ വിദ്യാർത്ഥിനി ആത്മഹത്യാ ഭീഷണി മുഴക്കി" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച വാർത്ത വാസ്തവ വിരുദ്ധവും സർവ്വകലാശാലയുടെ സൽപ്പേരിന് കളങ്കം വരുത്തുന്നതുമാണ്.

സർവ്വകലാശാലാ ചട്ടമനുസരിച്ച് 90 ദിവസത്തിനുള്ളിൽ പ്രസിദ്ധപ്പെടുത്തേണ്ട പുനർമൂല്യനിർണ്ണയഫലം 78 ദിവസത്തിനുള്ളിൽ പൂർത്തിയാക്കി ഫലം പ്രസിദ്ധപ്പെടുത്തുകയാണ് ചെയ്തത്. 2016 മാർച്ചിൽ അവസാന വർഷ പരീക്ഷയെഴുതയ ആഷാ അലക്സ് എന്ന വിദ്യാർത്ഥിനിയുടെ പുനർമൂല്യനിർണ്ണയ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 30 ആയിരുന്നു. ആദ്യ പുനർമൂല്യനിർണ്ണയം ആഗസ്റ്റ് 20ന് നടത്തുകയും, മാർക്ക് വ്യത്യാസം നിശ്ചിത ശതമാനത്തിൽ കൂടുതലായതിനാൽ, വിദഗ്ധ മൂല്യനിർണ്ണയം (എക്സ്പേർട് കമ്മിറ്റി വാല്യൂവേഷൻ) ആവശ്യമായി വരികയും ചെയ്തു. ഒക്ടോബർ 7ന് വിദഗ്ധ മൂല്യനിർണ്ണയം പൂർത്തിയാക്കുകയും ഫലം സർവ്വകലാശാലാ മേലധികാരികളുടെ അംഗീകാരത്തിനായി അന്നേദിവസം തന്നെ സമർപ്പിക്കുകയുമാണുണ്ടായത്. ഒക്ടോബർ 8 മുതൽ 12 വരെ പൊതു അവധിയും, 13ന് സംസ്ഥാന ഹർത്താലും ആയിരുന്നു. പുനർമൂല്യനിർണ്ണയഫലം അംഗീകരിച്ച് വൈസ് ചാൻസലർ 18ന് ഉത്തരവിടുകയും അന്നേ ദിവസം തന്നെ വിദ്യാർത്ഥിനിക്ക് ഫലം അറിയിച്ചുകൊണ്ടുള്ള മെമ്മോ നൽകുകയും ചെയ്തു.

വാർത്തയിൽ പ്രസിദ്ധീകരിച്ച വിധം സർവ്വകലശാല പുനർമൂല്യനിർണ്ണയഫലം പ്രസിദ്ധപ്പെടുത്തുന്നതിൽ അനാസ്ഥ കാണാക്കുകയോ മോശമായി പെരുമാറുകയോ ചെയ്തിട്ടില്ല. മറിച്ച് ഫലം പ്രസിദ്ധപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുകയാണുണ്ടായത്.

മൂല്യനിർണ്ണയത്തിൽ അസാധാരണ മാർക്ക് വ്യത്യാസമുണ്ടായ സാഹചര്യത്തെപ്പറ്റി സമഗ്രമായി അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ പരിക്ഷാ സ്റ്റാൻഡിംഗ് കമ്മിറ്റി കൺവീനർ ഡോ. ആർ. പ്രഗാഷിനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവായിട്ടുണ്ട്.

### ബി.കോം പ്രൈവറ്റ് പരീക്ഷാ കേന്ദ്രം

ഒക്ടോബർ 21 ന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ് പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി പരീക്ഷകൾക്ക് തൃപ്പൂണിത്തുറ ഗവ. ആർട്സ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി. നമ്പർ 150050023801 മുതൽ 23844 വരെയുള്ളവർ പൂത്തോട്ട എസ്.എ.എം കോളജ് ഓഫ് എജ്യുക്കേഷനിൽ പരീക്ഷ എഴുതണം.

### പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ എം.എസ്.സി സുവോളജി (സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 26 മുതൽ അതത് കോളജുകളിൽ വച്ച് നടത്തും. പ്രസ്തുത പരീക്ഷയുടെ എല്ലാ ബോർഡ് എക്സാമിനർമാരുടെയും മീറ്റിംഗ് ഒക്ടോബർ 24ന് രാവിലെ 11 മണിക്ക് പുതിയ പരീക്ഷാ ഭവനിലെ കോൺഫറൻസ് ഹാളിൽ വച്ച് നടത്തും.

### പ്രോജക്ട് ഇവാലുവേഷൻ/വൈവാ വോസി: അപേക്ഷാ തീയതി

ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ഡിഗ്രി കോഴ്സിന്റെ പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയ്ക്കും പിഴകൂടാതെ നവംബർ 3 വരെയും 50 രൂപ പിഴയോടെ 4 വരെയും 500 രൂപ സൂപ്പർഫൈനോടെ 7 വരെയും അപേക്ഷിക്കാം.

## സംവരണ സീറ്റൊഴിവ്
പത്തനംതിട്ട സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസിൽ എം.എസ്.സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ കോഴ്സിന് എസ്.സി –1, എസ്.ടി–1, മുസ്ലിം–2, എൽ.സി–1 എന്നീ സീറ്റുകൾ ഒഴിവുണ്ട്. ഫോൺ 0468–2323957, 9446705344.

## ആരോഗ്യവകുപ്പിന് കീഴിൽ മനശാസ്ത്രപ്രഥമ ശുശ്രൂഷാ കേന്ദ്രങ്ങൾ സ്ഥാപിക്കണം
വർദ്ധിച്ചു വരുന്ന മാനസിക സംഘർഷങ്ങളും വെല്ലുവിളികളും നേരിടുന്നതിന് സമൂഹത്തെ പ്രാപ്തമാക്കാൻ ആരോഗ്യവകുപ്പിന് കീഴിൽ മനശാസ്ത്ര പ്രഥമ ശുശ്രൂഷാ കേന്ദ്രങ്ങൾ തുടങ്ങണമെന്ന് മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന സെമിനാർ ആവശ്യപ്പെട്ടു. ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് നടത്തിയ സെമിനാറിൽ ലഹരി മരുന്നുകളുടെ ദുരുപയോഗം, മാനസിക രോഗങ്ങൾ, പെട്ടെന്നുള്ള അത്യാപത്തുകൾ എന്നിവയിൽ പെടുന്നവർക്ക് സമൂഹം കൊടുക്കേണ്ട സൈക്കോളജിക്കൽ ഫസ്റ്റ് എയ്ഡിനെക്കുറിച്ച് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. ആനിയമ്മ മാത്യു, സൈക്യാട്രിസ്റ്റ് ഡോ. ഗംഗ ജി. കൈമൾ എന്നിവർ ക്ലാസുകൾ നയിച്ചു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ ഡോ. പി.എസ്. സുകുമാരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡോ. പി.ടി. ബാബുരാജ്, ഡോ. മുഹമ്മദ് മുസ്തഫ, ഡോ. രാജീവ്കുമാർ എൻ, ബിൻസി എന്നിവർ സംസാരിച്ചു. സെമിനാറിനോടനുബന്ധിച്ച് നടന്ന പ്രശ്നോത്തരിയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷൻ ആന്റ് ജേർണലിസം വിദ്യാർത്ഥിനി അനു ഒന്നാം സ്ഥാനം നേടി.

## ശേഖരൻ നായർ പുരസ്കാരം വിതരണം ചെയ്തു
എം.ജി സർവ്വകലാശാലയിലെ മികച്ച ജീവനക്കാർക്കുള്ള ശേഖരൻ നയർ പുരസ്കാരം സെക്ഷൻ ഓഫീസർ സനൽകുമാർ ടി. വി, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ എ. രാജീവ് എന്നിവർക്ക് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ വിതരണം ചെയ്തു. അസംബ്ലി ഹാളിൽ നടന്ന ചടങ്ങിൽ പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ അദ്ധ്യക്ഷത വഹിച്ചു. രജിസ്ട്രാർ എം.ആർ.ഉണ്ണി, സിൻഡിക്കേറ്റംഗം കെ. ഷെറഫുദ്ദീൻ, പരീക്ഷാ കൺട്രോളർ തോമസ് ജോൺ മാമ്പറ, ഫിനാൻസ് ഓഫീസർ ഏബ്രഹാം ജെ. പുതുമന, സെനറ്റംഗം പത്മകുമാർ, വിവിധ സർവ്വീസ് സംഘടനാ നേതാക്കൾ, പി.ആർ.ഒയുടെ ചുമതല വഹിക്കുന്ന എം.സി. സണ്ണി എന്നിവർ സംസാരിച്ചു.

## അടിക്കുറിപ്പ്
എം.ജി സർവ്വകലാശാലയിലെ മികച്ച ജീവനക്കാർക്കുള്ള ശേഖരൻ നയർ പുരസ്കാരം എ. രാജീവ്, സനൽകുമാർ റ്റി. വി എന്നിവർക്ക് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ വിതരണം ചെയ്യുന്നു

## എം.ജി സർവ്വകലാശാല മാഗസിൻ എഡിറ്റേഴ്സ് ക്യാമ്പ് നാളെ (ഒക്ടോബർ 21) തുടങ്ങും
എം. ജി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവ്വീസസും ഡിപ്പാർട്ട്മെന്റ് ഓഫ് പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗും സംയുക്തമായി സംഘടിപ്പിക്കുന്ന കോളജ് മാഗസിൻ എഡിറ്റർമാർക്കുള്ള പഠനക്യാമ്പ് നാളെ (ഒക്ടോബർ 21) ആലുവ യു.സി കോളജിൽ ആരംഭിക്കും. സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. കഴിഞ്ഞ വർഷത്തെ മികച്ച കോളജ് മാഗസിനുള്ള അവാർഡുകൾ പ്രസ്തുത യോഗത്തിൽ വിതരണം ചെയ്യും. പ്രൊഫ. സി.ആർ. ഓമനക്കുട്ടൻ മുഖ്യപ്രഭാഷണം നടത്തും.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)